"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനതല ആസൂത്രണസമിതിയിൽ തദ്ദേശഭരണസ്ഥാപനത്തിനു പുറത്തുള്ള വിദഗ്ധരെ ഉൾപ്പെടുത്തുന്നത് - അധിക വ്യവസ്ഥകൾ ഉൾപ്പെടുത്തി - പദ്ധതി ആസൂത്രണ മാർഗ്ഗരേഖകളിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2080/2023/LSGD തീയതി,തിരുവനന്തപുരം, 25-10-2023

---

പരാമർശം:- 1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022

2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 3.8

**ഉത്തരവ്**

പതിനാലാം പഞ്ചവൽസര പദ്ധതി ആസൂത്രണ മാർഗ്ഗരേഖകൾ, ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള പരാമർശം (1) മാർഗ്ഗരേഖ, നഗരകാര്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള പരാമർശം (1) മാർഗ്ഗരേഖ, എന്നിവ പ്രകാരം തദ്ദേശഭരണ സ്ഥാപനതല ആസൂത്രണസമിതിയിൽ ആവശ്യമെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിനു പുറത്തുള്ള വിദഗ്ധരേയും ഉൾപ്പെടുത്താൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിനു പുറത്തു നിന്ന് വിദഗ്ധരെ ഉൾപ്പെടുത്തുകയാണെങ്കിൽ ആകെ അംഗങ്ങളുടെ പരമാവധി 15 ശതമാനം ആൾക്കാരെ മാത്രമേ ഇപ്രകാരം പുറത്തു നിന്ന് ഉൾപ്പെടുത്താവൂ. കഴിവതും അതത് തദ്ദേശഭരണ സ്ഥാപനത്തിലെ വിദഗ്ധനെ തന്നെ വൈസ് ചെയർമാനായി നിശ്ചയിക്കുന്നതാണ് അഭികാമ്യം. ആസൂത്രണസമിതിയുടെ വൈസ് ചെയർമാനായി നിയോഗിക്കപ്പെടുന്ന വിദഗ്ധൻ മറ്റൊരു തദ്ദേശഭരണസ്ഥാപനത്തിൽ വൈസ് ചെയർമാനായോ വിദഗ്ധാംഗമായോ പ്രവർത്തിക്കാൻ പാടില്ല.

2. മേൽ പ്രകാരം പരാമർശം (1), (2) മാർഗ്ഗരേഖകളിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഗ്രാമവികസന കമ്മീഷണർ
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manju.l.s.
Date: 25-10-2023 15:12:05
സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്